ശ്രീ. ഈ. പി. ഗോപാലൻ : നിയമനം കഴിഞ്ഞിടത്തോളമുള്ളവരെ സംബന്ധിച്ച് ഉദ്യോഗം കിട്ടിയെന്ന് ഉറപ്പിക്കാൻ കഴിയും. നിയമനം കൊടുക്കാത്ത അവസരങ്ങളിൽ അത് അവരെ അറിയിക്കുന്നതിനു ഗവണ്മെന്റിനു ബാദ്ധ്യതയില്ലേ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ബാദ്ധ്യതയുള്ളതായി വിചാരിക്കുന്നില്ല. വെരിഫിക്കേഷൻ കഴിഞ്ഞു കഴപ്പമൊന്നും കണ്ടില്ലെങ്കിൽ അവരെ നിയമിക്കുകയാണു പതിവു്. അങ്ങനെ നിയമിക്കപ്പെടുന്നില്ലെങ്കിൽ വെരിഫിക്കേഷനിൽ എന്തോ കഴപ്പം കണ്ടിട്ടുണ്ടെന്നു ഊഹിക്കാവുന്നതാണു്.

ശ്രീമതി കെ. ആർ. ഗൗരി : പബ്ലിക്കു് സർവ്വീസു് കമ്മീഷൻ നിയമനത്തിനുള്ള ലിസ്റ്റു പബ്ലിഷ്ചെയ്തു കഴിഞ്ഞശേഷം ആ ലിസ്റ്റിലെ റാങ്കു് അനുസരിച്ചല്ലാതെ ആ കൂട്ടത്തിൽനിന്നു് നിയമനം നടത്തിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : റാങ്കു് അനുസരിച്ചു് നിയമനം നടത്തണമെന്നാണു് വ്യവസ്ഥ.

ശ്രീമതി കെ. ആർ. ഗൗരി : റാങ്കു് അനുസരിച്ചു് ഒഴിവുകൾ ആളുള്ളപ്പോൾ അതിനു താഴെനിന്നും നിയമിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇതിനകത്തു് അങ്ങനെ വരാൻ ഇടയില്ല. വെരിഫിക്കേഷൻമൂലം ആരെയെങ്കിലും നിയമിക്കപ്പെടാതിരിക്കുന്ന എങ്കിൽ, അതിനു താഴെയുള്ളവരെ സ്വാഭാവികമായി നിയമിച്ചു എന്നുവരും.

ശ്രീ. ആർ. കൃഷ്ണൻ : എയിഡഡു് സ്കൂളിൽ ജോലി കിട്ടുന്നതിനു് എം. എൽ. എ. മാരും, ഗസറ്റഡു് ഉദ്യോഗസ്ഥന്മാരും കോണ്ടക്റ്റു സർട്ടിഫിക്കറ്റു് കൊടുക്കേണ്ടയാവശ്യമുണ്ടു്. പോലീസു് വെരിഫിക്കേഷനിൽ ആ ആളെസംബന്ധിച്ചിടത്തോളം യാതൊരു അഡ്വേഴ്സു് അഭിപ്രായവും ഇല്ലെന്നു കോണ്ടക്റ്റു സർട്ടിഫിക്കറ്റിൽ എഴുതാൻ നിർബന്ധിക്കുന്നുണ്ടു്. അതെന്തടിസ്ഥാനത്തിലാണു് ?

ശ്രീ. ആർ. ശങ്കർ : ഞാൻ ഇതാദ്യമായിട്ടു കേൾക്കുകയാണു്.

ശ്രീ. ഓ. കോരൻ : ഈ സെലക്റ്റു ചെയ്തവരുടെ കൂട്ടത്തിൽ ഹരിജനങ്ങളും ഉണ്ടോ ; ഉണ്ടെങ്കിൽ എത്രപേരുണ്ടെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ഹരിജനങ്ങളും കാണും. അതിന്റെ ലിസ്റ്റു് പ്രത്യേകിച്ചില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : പോലീസു് വെരിഫിക്കേഷനിൽ അൺറിസിഡൻറ്സാണു് നോക്കുന്നതു് എന്നു് ആവർത്തിച്ചാവർത്തിച്ചു മന്ത്രി പറയാറുണ്ടു്. ഉദ്യോഗത്തിനു് അർഹതയുണ്ടെന്നു വിശ്വസിക്കുന്ന ക്യാൻഡിഡേറ്റ്സിനെത്തന്നെ വെരിഫിക്കേഷൻകൊണ്ടു് ഉദ്യോഗം ലഭിക്കാതെ വരുന്നുണ്ടു്. അതിനെന്താണു പരിഹാരം ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയുള്ള കേസുകളിൽ പരാതി കിട്ടുന്നതനുസരിച്ചു് ഉയർന്ന ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് വീണ്ടും വെരിഫിക്കേഷൻ നടത്തുകയും അപൂർവ്വം ചില കേസുകളിൽ അവർക്കു് ഉദ്യോഗം കിട്ടുകയും ചെയ്തിട്ടുണ്ടു്.

ഇറിഗേഷൻ വർക്കുകൾ

* 784. [3] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷം ജോലിചെയ്തു തീർക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഏതെങ്കിലും ഡി. ഡി. സി. യുടെ ഇറിഗേഷൻ സബ് കമ്മിറ്റി ലിസ്റ്റു തയ്യാറാക്കി ഡി. ഡി. സി. യിൽ സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം മൈനർ ഇറിഗേഷൻ വർക്കുകൾക്കു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ കണ്ണത്തൂർ താലൂക്കിൽ, ശാസ്താംകോട്ട, ശ്രീനാടു് വടക്കു്, ശ്രീനാട തെക്കു്, കണ്ണത്തൂർ അടൂർ, കടമ്പനാടു്, പടിഞ്ഞാറെ കല്ലട, കൊടുമൺ എന്നീ പഞ്ചായത്തിൽ ഉൾപ്പെട്ട ഇറിഗേഷൻ വർക്കുകൾ ഏതെല്ലാം?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) കൊല്ലം ഡി. ഡി. സി. യുടെ ഇറിഗേഷൻ സബ്കമ്മിറ്റി അങ്ങനെയുള്ള മൈനർ ഇറിഗേഷൻ വർക്കുകളുടെ ഒരു ലിസ്റ്റു് തയ്യാറാക്കിയിട്ടുണ്ടു്. പ്രസ്തുത ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ബി) കണ്ണത്തൂർ താലൂക്കിൽ ഉൾപ്പെട്ടതും കൊല്ലം ഡി. ഡി. സി. അംഗീകരിച്ചതുമായ മൈനർ ഇറിഗേഷൻ വർക്കുകളുടെ ഒരു ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

ശ്രീ. പി. സി. ആദിച്ചൻ : മേശപ്പുറത്തു വച്ചിട്ടുണ്ടെന്നു പറയുന്നു. എനിക്കു് കാപ്പി കിട്ടിയിട്ടില്ല.

ശ്രീ. ഈ. പി. പൗലോസു് : ലിസ്റ്റു വച്ചിട്ടില്ലെങ്കിൽ ഇപ്പോഴുതന്നെ വച്ചേക്കാം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഇങ്ങനെ ലിസ്റ്റു് മെമ്പറന്മാർക്കു് കൊടുക്കുന്നതു് അതു സ്റ്റഡിചെയ്തു ഉപചോദ്യം ഉണ്ടെങ്കിൽ ചോദിക്കാനാണു്. ലിസ്റ്റു കിട്ടാത്തതുകൊണ്ടു് അതു കൊടുത്തശേഷം ചോദ്യം ചോദിക്കാനുള്ള സൗകര്യം നൽകുന്നതിനു് ഈ ചോദ്യം മാറ്റിവയ്ക്കണം.

Mr Speaker : There is no objection in doing it. (see page 3344)

ടൂറിസം വികസിപ്പിക്കുന്നതിനുള്ള നടപടികൾ

*785. [4] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസിപ്പിക്കുന്നതിനു സംസ്ഥാന ഗവണ്മെന്റു് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(ബി) സംസ്ഥാനത്തുള്ള ടൂറിസ്റ്റു കേന്ദ്രങ്ങൾ ഏവ ; ഈ കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകൾക്കു് ചെയ്തുകൊടുത്തുവരുന്ന പ്രത്യേക സൗകര്യങ്ങൾ ഏവ ;

(സി) തൊടുപുഴ താലൂക്കിൽ, ഇടുക്കി പ്രോജക്റ്റിനോടു് അനുബന്ധിച്ചുള്ള "കളമാവു്" എന്ന സ്ഥലം ഒരു ടൂറിസ്റ്റു കേന്ദ്രമാക്കുന്നതിനു് നടപടികൾ കൈക്കൊള്ളുമോ ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) ടൂറിസം വികസിപ്പിക്കുന്നതിനു ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള നടപടികളിൽ പ്രധാനമായവ താഴെ ചേർക്കുന്നു :—

1. ടൂറിസ്റ്റുകൾക്കു് താമസസൗകര്യം, ഭക്ഷണസൗകര്യം മുതലായവ ആധുനികരീതിയിൽ ടൂറിസ്റ്റു ഡിപ്പാർട്ടുമെന്റുവക ഹോട്ടലുകളിലും ടൂറിസ്റ്റു ബംഗ്ലാവുകളിലും P. W. D. റസ്റ്റു ഹൗസുകളിലും ഏർപ്പാടു ചെയ്യുക.

2. പുതിയ ടൂറിസ്റ്റു ബംഗ്ലാവുകൾ, റെസ്റ്റുഹൗസുകൾ മുതലായവ നിർമ്മിക്കുക.

3. ടൂറിസ്റ്റുകൾക്കു് ഉല്ലാസയാത്രയ്ക്കു ബോട്ടുകൾ ഏർപ്പാടുചെയ്യുക.

† Placed in the library.

LIBRARY ARCHIVES Kerala Legislative Assembly